**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4259

21.07.2015-ൽ മറുപടിയ്ക്ക്

**വൈപ്പിൻ മണ്ഡലം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
| എ) | ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിനും പുതുതായി രൂപം നൽകുന്നതിനും നിലവിലുള്ള മാനദണ്ഡം എന്തൊക്കെയെന്ന് വിശദമാക്കാമോ ; | എ) | ഗ്രാമപഞ്ചായത്തുക ളെ വിഭജിക്കുന്നതിനും പുതുതായി രൂപം നൽകുന്നതിനുമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ജനസംഖ്യ<br>2. ഭൂവിസ്തൃതി<br>3. പ്രദേശത്തിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ<br>4. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം. |
| ബി) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, എളങ്കുന്നപ്പുഴ എന്നീ പഞ്ചായത്തുകൾ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| സി) | പ്രസ്തുത പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സി) | പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വിഭജിക്കണമെന്നാവശ്യപ്പെട്ട് ടി പഞ്ചായത്തിന്റെ സെക്രട്ടറി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സമർപ്പിച്ചിരുന്ന പ്രൊപ്പോസ ലിൽ അപാകതകളുണ്ടായിരുന്നതിനാൽ ആയത് നിരസിച്ചിട്ടുള്ളതാണ്. |
| ഡി) | പ്രസ്തുത പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ? | ഡി) | പ്രസ്തുത പഞ്ചായത്തുകളുടെ വിഭജനം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ